Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/2022/1562 (37) തീയതി : 17.08.2023

## സർക്കുലർ

വിഷയം :- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2022-25 ബാച്ച് സ്കൂൾതല ക്യാമ്പ് നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- സ.ഉ (സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018.

സൂചന പ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ 2023 'ലിറ്റിൽ കൈറ്റ്സ് 'യൂണിറ്റുകൾ 2022-25 ബാച്ചിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ബാച്ചിന്റെ യൂണിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായ ഏകദിന സ്കൂൾതല ക്യാമ്പ് 2023 സെപ്റ്റംബർ 1, 2, 3 എന്നീ ദിവസങ്ങളിൽ സൗകര്യപ്രദമായ ഏതെങ്കിലും ഒരു ദിവസം എല്ലാ യൂണിറ്റുകളിലും നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കൈറ്റ് തയ്യാറാക്കി നൽകുന്ന പ്രത്യേക മൊഡ്യൂൾ അടിസ്ഥാനമാക്കിയാണ് ക്യാമ്പ് സംഘടിപ്പിക്കേണ്ടത്.

2. കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ, സ്കൂളിന്റെ ചുമതലയുള്ള മാസ്റ്റർ ട്രെയിനറുമായി ആലോചിച്ച് എല്ലാ യൂണിറ്റുകളിലും ക്യാമ്പ് നിശ്ചിത ദിവസം പൂർത്തീകരിക്കുന്നതിന് വേണ്ട ക്രമീകരണം ഒരുക്കേണ്ടതാണ്.

3. ക്യാമ്പിന്റെ പ്രവർത്തന മൊഡ്യൂൾ പരിചയപ്പെടുത്തുന്നതിനുള്ള എസ്.ആർ.ജി 22.08.2023 ന് തൃശ്ശൂർ ഡി.ആർ.സിയിൽ വെച്ച് നടത്തുന്നതാണ്. ജില്ലയിൽ നിന്ന് രണ്ട് മാസ്റ്റർ ട്രെയിനർമാർ വീതം പങ്കെടുക്കേണ്ടതാണ്. പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ 2023 ആഗസ്റ്റ് 26-നകം ഏകദിന ഡി.ആർ.ജി പരിശീലനം നൽകേണ്ടതാണ്.

4. മാസ്റ്റർ ട്രെയിനർമാർ, മറ്റ് വിദ്യാലയങ്ങളിൽ നിന്നുള്ള സ്കൂൾ ഐടി കോ-ഓർഡിനേറ്റർ/ കൈറ്റ് മാസ്റ്റർമാർ എന്നിവരാണ് സ്കൂൾ ക്യാമ്പിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കേണ്ടത്. ഓരോ യൂണിറ്റിലും ക്യാമ്പിൽ പങ്കെടുക്കേണ്ട ആർ.പിമാരുടെ വിശദാംശം മുൻകൂട്ടി തയ്യാറാക്കി പരിശീലനം നൽകേണ്ടതാണ്.

5. പരിശീലനം ലഭിച്ച ഒരു റിസോഴ്സ് പേഴ്സൺന്റേയും അതതു വിദ്യാലയങ്ങളിലെ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്സുമാരുടേയും നേതൃത്വത്തിലാണ് സ്കൂൾ ക്യാമ്പ് നടക്കേണ്ടത്.

6. ക്യാമ്പിൽ പങ്കെടുക്കുന്ന മുഴുവൻ അംഗങ്ങളുടേയും ഹാജർ അന്നേ ദിവസം തന്നെ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ സിസ്റ്റത്തിൽ രേഖപ്പെടുത്തേണ്ടതാണ്. പിന്നീട് ഇതിന് അവസരം ഉണ്ടായിരിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാർ ഉറപ്പുവരുത്തേണ്ടതാണ്.

7. ക്യാമ്പിലെ പ്രവർത്തനത്തിന്റെ തുടർച്ചയായി ഒരോ അംഗവും രണ്ട് അസൈൻമെന്റുകൾ പൂർത്തീകരിച്ച് 10.09.2023 നകം യൂണിറ്റിലെ കൈറ്റ് മാസ്റ്റർമാർക്ക് സമർപ്പിക്കേണ്ടതാണ്.

8. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ യൂണിറ്റിലെ പ്രവർത്തനങ്ങളുടെയും ക്യാമ്പിലെ പ്രവർത്തനത്തിന്റേയും ക്യാമ്പിൽ നൽകിയ അസൈൻമെന്റ് പൂർത്തീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ വിദ്യാലയത്തിൽ നിന്നും അനിമേഷൻ, പ്രോഗ്രാമിംഗ് മേഖലയിൽ കൂടുതൽ മികവ് തെളിയിച്ച 4 അംഗങ്ങളെ വീതം (25-ൽ താഴെ അംഗത്വമുള്ള യൂണിറ്റുകളിൽ നിന്ന് 3 അംഗങ്ങളെ വീതം) ഉപജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കേണ്ടതും ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ 15.09.2023 നകം രേഖപ്പെടുത്തേണ്ടതുമാണ്.

9. ഡി.ആർ.ജി പരിശീലനത്തിൽ പങ്കെടുക്കുന്ന ആർ.പി. ഉൾപ്പടെയുള്ളവർക്ക് 300/- രൂപ ഓണറേറിയം ഡി.ആർ.സി ഫണ്ടിൽ നിന്ന് അനുവദിക്കേണ്ടതാണ്.

10. സ്കൂൾതല ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം ക്രമീകരിക്കേണ്ടതാണ്. ഇതിനായി ഒരംഗത്തിന് 75/- രൂപ നിരക്കിൽ ചെലവഴിക്കേണ്ടതും റിസോഴ്സ് പേഴ്സൺ മാർക്ക് 500/- രൂപയും വിദ്യാലയത്തിലെ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാർക്ക് 250/- രൂപ വീതവും ഓണറേറിയം നൽകേണ്ടതാണ്. ഇതിനാവശ്യമായ തുക ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

11. ക്യാമ്പിന്റെ ചെലവ് സംബന്ധിച്ച കണക്കുകൾ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ ചേർക്കേണ്ടതും ബിൽ, വൗച്ചർ തുടങ്ങിയവ പരിശോധനയ്ക്കായി സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാദമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ